എന്താണ് ബീക്കൺ ടൗൺ പദ്ധതി?

ജില്ലയിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലെ ഒരു പ്രധാന ടൗണിനെ വൃത്തിയും ഭംഗിയും അടിസ്ഥാനസൗകര്യങ്ങളും ഉള്ള മാതൃകാ ടൗണാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ തദ്ദേശ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, വ്യാപാരികൾ, സന്നദ്ധ സംഘടനകൾ, നാട്ടുകാർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്....

പദ്ധതിയിൽ എന്തൊക്കെ ചെയ്യും?

പ്രധാനമായും:മാലിന്യശേഖരണവും സംസ്കരണവും മെച്ചപ്പെടുത്തൽ

മാലിന്യം വലിച്ചെറിയുന്ന സ്ഥലങ്ങൾ കണ്ടെത്തി ശുചീകരിക്കൽ

പൊതുശൗചാലയങ്ങൾ നവീകരിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക

നടപ്പാതകളും റോഡരികുകളും മെച്ചപ്പെടുത്തുക

തെരുവുവിളക്കുകൾ മെച്ചപ്പെടുത്തുക

കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തുക

പാർക്കിംഗ് ക്രമീകരണം

വെണ്ടർ സോണുകൾ ക്രമീകരിക്കൽ

പോക്കറ്റ് പാർക്കുകൾ, ലാൻഡ്സ്കേപ്പിംഗ്, ഹരിതവൽക്കരണം

CCTV, നിരീക്ഷണ സംവിധാനങ്ങൾ

അനധികൃത ബോർഡുകളും ബാനറുകളും നീക്കം ചെയ്യുക

വീടുകളിൽ നിന്നുള്ള മാലിന്യശേഖരണവും ഉറവിടത്തിൽ മാലിന്യം വേർതിരിക്കലും ശക്തിപ്പെടുത്തുക.......

ആദ്യം ബേസ്‌ലൈൻ സർവേ നടത്തി നിലവിലെ ശുചിത്വവും അടിസ്ഥാനസൗകര്യങ്ങളുടെ അവസ്ഥയും വിലയിരുത്തും. അതിന്റെ അടിസ്ഥാനത്തിലാണ് ഓരോ ടൗണിനും ആവശ്യമായ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നത്...

ബീക്കൺ ടൗൺ പദ്ധതിയുടെ ഭാഗമായി

ബീക്കൺ പഞ്ചായത്താക്കി 14 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കാനാണ്ആഗ്രഹിക്കുന്നത്... സഹകരിക്കുക..

#chokli #panchayath #becontown

കേരള കൗമുദി